കേരള സർക്കാർ

LSGD

## സിറ്റിസൺ അസിസ്റ്റന്റ് സ്ഥിരം അദാലത്ത്

**പത്തനംതിട്ട ജില്ല**

**ഉപജില്ലാ അദാലത്ത് സമിതി -1**

05-02-2024, 10.30 am ന് തദ്ദേശസ്വയംഭരണ വകുപ്പ് ജില്ലാ ജോയിന്റ് ഡയറക്ടറുടെ ഓഫീസിൽ വെച്ച് കൂടിയ ഉപജില്ല അദാലത്ത് സമിതി 1 ന്റെ യോഗ മിനിറ്റ്സ്.

പങ്കെടുത്തവർ

1. കെ.സി.സുരേഷ് കുമാർ (ഇന്റേണൽ വിജിലൻസ് ഓഫീസർ പത്തനംതിട്ട).
2. വിനീത്. ജി ( (അസിസ്റ്റന്റ് ടൗൺ പ്ലാനർ, എൽ.എസ്.ജി.ഡി, പ്ലാനിംഗ്)
3. മിനി.എസ്.(അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ, എൽ.എസ്.ജി.ഡി, മല്ലപ്പള്ളി, പത്തനംതിട്ട).

മല്ലപ്പള്ളി, പത്തനംതിട്ട എന്നിവിടങ്ങളിലെ ഉദ്യോഗസ്ഥരും അദാലത്തിൽ പങ്കെടുത്തു.

**പരിഗണിച്ച വിഷയം**- കെട്ടിട നമ്പർ നൽകുന്നത് പരിഗണിക്കുന്നത് സംബന്ധിച്ച്.

ബഹു.കേരള മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ നടന്ന നവകേരള സദസ്സിൽ ലഭിച്ച അപേക്ഷ അദാലത്തിൽ പരിഗണിച്ചു.

## അദാലത്ത് തീർപ്പ്

**ശ്രീമതി. ഓമന,** ആറ്റുചിറ വീട്, മുത്തൂർ പി.ഒ. തിരുവല്ല എന്നയാൾ നവകേരള സദസ്സിൽ സമർപ്പിച്ച പരാതി സംബന്ധിച്ച്:-

തിരുവല്ല മുനിസിപ്പാലിറ്റിയിൽ 38-ാം വാർഡിൽ 95-ാം നമ്പർ വീട്ടിൽ വീട്ടിലൂണ് 2023 വരെ നടത്തിപോന്നിരുന്നെന്നും 2023 വരെ നഗരസഭയിൽ നിന്നും ലൈസൻസ് ലഭിച്ചിരുന്നെന്നും, എന്നാൽ എന്റെ വീട് കൊമേഴ്സ്യൽ വിഭാഗത്തിൽപ്പെടുന്നില്ല എന്നതിനാൽ ഇപ്പോൾ ലൈസൻസ് നിഷേധിച്ചിരിയ്ക്കുകയുമാണ്. അനേകവർഷങ്ങൾക്ക് മുൻപ് നിർമ്മിച്ചതും നിലവിൽ കെട്ടിട നമ്പർ ഉള്ളതുമായ കെട്ടിടം, 'വീട്ടിൽ ഊണ് ' നടത്തുന്നതിന് ബിൽഡിംഗ് പ്ലാൻ തയ്യാറാക്കി സമർപ്പിയ്ക്കണമെന്നാവശ്യപ്പെട്ടിരിയ്ക്കുകയാണെന്നും മുത്തൂർ-ചുമത്ര റോഡ് വീതി കൂട്ടിയ സമയത്ത് തന്റെ സ്ഥലത്തിന്റെ കുറച്ചുഭാഗം വിട്ടു നൽകിയിരുന്നതിനാൽ ഇപ്പോൾ ദൂരപരിധി ലഭ്യമല്ല എന്നും പരാതിയിൽ പറയുന്നു. തന്റെ ഉപജീവനത്തിന് വേണ്ടിയാണ് വീട്ടിൽ ഊണ് നടത്തുന്നത്. വീടിന്റെ ഭാഗമായി തന്നെയാണ് നടത്തുന്നത് എന്നതിനാൽ ലൈസൻസ് അനുവദിക്കുന്നതിന് നടപടി സ്വീകരിക്കണമെന്നാണ് അപേക്ഷയിലൂടെ ആവശ്യപ്പെട്ടിട്ടുള്ളത്.

ബഹു. സർക്കാരിൽ നിന്നും പ്രത്യേക ഇളവ് ആവശ്യമുള്ള സ്ഥിതിയ്ക്ക് ടി അപേക്ഷ സിറ്റിസൺ അസിസ്റ്റന്റ് അദാലത്ത് ജില്ലാസമിതി മുഖേന ബഹു. സർക്കാരിലേയ്ക്ക് നൽകാൻ തീരുമാനിച്ചു.

കൺവീനർ

ഉപജില്ലാ അദാലത്ത് സമിതി-
ഇന്റേണൽ വിജിലൻസ് ഓഫീസർ-1
തദ്ദേശസ്വയം ഭരണവകുപ്പ്
പത്തനംതിട്ട.

കോപ്പി: സെക്രട്ടറി, തിരുവല്ല മുനിസിപ്പാലിറ്റി.
ശ്രീമതി. ഓമന